**മധുരമായ കുട്ടികളെ – ഈ സംഗമയുഗം സർവ്വോത്തമരായി മാറുവാനുള്ള ശുഭ സമയമാണ്, എന്തുകൊണ്ടെന്നാൽ ഈ സമയത്താണ് ബാബ നിങ്ങളെ നരനിൽ നിന്ന് നാരായണനാകുവാനുള്ള പഠിപ്പ് പഠിപ്പിക്കുന്നത്.**

**ചോദ്യം** – നിങ്ങൾ കുട്ടികളുടെയടുത്ത് ഇങ്ങനെയുള്ള ഏതൊരു ജ്ഞാനമാണുള്ളത് അത് കാരണം നിങ്ങൾ ഏത് അവസ്ഥയിലും കരയുകയില്ല?
**ഉത്തരം** – നിങ്ങളുടെയടുത്ത് ഈ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയുടെ ജ്ഞാനമുണ്ട്, നിങ്ങൾക്കറിയാം ഇതിൽ ഓരോ ആത്മാവിനും അവരവരുടെ പാർട്ടാണ്, ബാബാ നമുക്ക് സുഖത്തിന്റെ സമ്പത്ത് നൽകികൊണ്ടിരിക്കുന്നു പിന്നെ എങ്ങനെ നമുക്ക് കരയാൻ കഴിയും. ചിന്ത ഉണ്ടായിരുന്നു ദൂരെ ബ്രഹ്മത്തിൽ വസിക്കുന്ന ശക്തിയെക്കുറിച്ച് , ആ ആളെ ലഭിച്ചു കഴിഞ്ഞു ബാക്കി എന്ത് വേണം. ധൈര്യശാലി കുട്ടികൾ ഒരിക്കലും കരയില്ല.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് കുട്ടികൾക്ക് ഒരു കാര്യം മനസ്സിലാക്കി തരുകയാണ്. ചിത്രങ്ങളിലും ഇങ്ങനെ എഴുതണം ത്രിമൂർത്തി ശിവബാബ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ്. നിങ്ങളും ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ നിങ്ങൾ ആത്മാക്കളും പറയും – ശിവബാബ ഇങ്ങനെ പറയുന്നു. ഈ ബാബയും പറയും – ബാബ നിങ്ങൾക്ക് മനസ്സിലാക്കി തരുകയാണ്. ഇവിടെ മനുഷ്യർ, മനുഷ്യർക്കല്ല മനസ്സിലാക്കി കൊടുക്കുന്നത് മറിച്ച് പരമാത്മാവ് ആത്മാക്കൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് അഥവാ ആത്മാവ്, ആത്മാവിന് മനസ്സിലാക്കി കൊടുക്കുകയാണ്. ജ്ഞാന സാഗരനാണെങ്കിൽ ശിവബാബ മാത്രമാണ്, അതാണ് ആത്മീയ അച്ഛൻ. ഈ സമയം ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛനിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ദേഹാഹങ്കാരം ഇവിടെ ഉപേക്ഷിക്കേണ്ടി വരുന്നു. ഈ സമയം നിങ്ങൾക്ക് ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കണം. കർമ്മവും ചെയ്യൂ, ജോലി ഉത്തരവാദിത്വം മുതലായവയും നിർവഹിച്ചുകൊണ്ടിരിക്കൂ ബാക്കി എത്ര സമയം ലഭിക്കുന്നുവോ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. നിങ്ങൾക്കറിയാം ശിവബാബ ഈ ശരീരത്തിൽ വന്നിരിക്കുകയാണ്. ബാബ സത്യമാണ്, ചൈതന്യമാണ്. സത് ചിത് ആനന്ദ സ്വരൂപമെന്ന് പറയുന്നു. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ മറ്റൊരു മനുഷ്യർക്കും ഈ മഹിമയില്ല. ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്ന് മാത്രമാണ്, അതാണ് പരമാത്മാവ്. ഈ ജ്ഞാനവും കേവലം നിങ്ങൾക്ക് ഈ സമയത്താണുള്ളത്. പിന്നീട് ഒരിക്കലും ലഭിക്കില്ല. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ബാബ വരുന്നു, നിങ്ങളെ ആത്മാഭിമാനിയാക്കി മാറ്റി ബാബയെ ഓർമ്മിപ്പിക്കുന്നതിന്, ഏതിലൂടെയാണോ നിങ്ങൾ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി മാറുന്നത്, വേറെ ഒരു ഉപായവുമില്ല. കേവലം മനുഷ്യർ വിളിക്കുന്നുമുണ്ട് – അല്ലയോ പതിത പാവനാ വരൂ, പക്ഷെ അർത്ഥം മനസ്സിലാക്കുന്നില്ല. പതിത പാവന സീതാറാം എന്ന് പറയുകയാണെങ്കിൽ പോലും അത് ശരിയാണ്. നിങ്ങൾ എല്ലാവരും സീതമാർ അഥവാ ഭക്തകളാണ്. അതാണ് ഒരേയൊരു രാമനായ ഭഗവാൻ, നിങ്ങൾ ഭക്തർക്ക് ഭഗവാനിലൂടെ ഫലം ആവശ്യമാണ്. മുക്തിയും ജീവൻ മുക്തിയും ഇതാണ് ഫലം. മുക്തി–ജീവൻ മുക്തി ദാതാവ് ഒരേയൊരു ബാബ മാത്രമാണ്. ഡ്രാമയിൽ ഉയർന്നതിലും ഉയർന്ന പാർട്ടുള്ളവരും ഉണ്ടാകുന്നു അതുപോലെ താഴ്ന്ന പാർട്ടുള്ളവരുമുണ്ട്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്, ഇതിനെ വേറെയാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ ഈ സമയം തമോപ്രധാന കനിഷ്ഠനിൽ നിന്ന് സതോപ്രധാന പുരുഷോത്തമരായി മാറികൊണ്ടിരിക്കുകയാണ്. സതോപ്രധാനമായവരെ തന്നെയാണ് സർവ്വോത്തമർ എന്ന് പറയുന്നത്. ഈ സമയം നിങ്ങൾ സർവ്വോത്തമരല്ല. ബാബ നിങ്ങളെ സർവ്വോത്തമരാക്കുകയാണ്. ഈ ഡ്രാമയുടെ ചക്രം കറങ്ങികൊണ്ടേയിരിക്കുന്നു, ഇതിനെ ആരും തന്നെ അറിയുന്നില്ല. കലിയുഗം, സംഗമയുഗം പിന്നീട് സത്യയുഗമുണ്ടാകുന്നു. പഴയതിനെ ആര് പുതിയതാക്കി മാറ്റും? ബാബയ്ക്കല്ലാതെ ആർക്കും ആക്കി മാറ്റാൻ സാധിക്കില്ല. ബാബ തന്നെയാണ് സംഗമത്തിൽ വന്ന് പഠിപ്പിക്കുന്നത്. ബാബ സത്യയുഗത്തിലും വരുന്നില്ല, കലിയുഗത്തിലും വരുന്നില്ല. ബാബ പറയുകയാണ് എന്റെ പാർട്ട് തന്നെ സംഗമത്തിലാണ് അതുകൊണ്ട് സംഗമയുഗം മംഗളകാരി യുഗമെന്ന് പറയപ്പെടുന്നു. ഇതാണ് ശുഭകരമായ, വളരെ ഉയർന്ന ശുഭ സമയമായ സംഗമയുഗം, എപ്പോഴാണോ ബാബ വന്ന് നിങ്ങൾ കുട്ടികളെ നരനിൽ നിന്ന് നാരായണനാക്കുന്നത്. മനുഷ്യരാണെങ്കിൽ മനുഷ്യർ തന്നെയാണ് പക്ഷെ ദൈവീക ഗുണമുള്ളവരായി മാറുകയാണ്, അതിനെയാണ് പറയപ്പെടുന്നത് ആദി സനാതന ദേവീ ദേവതാ ധർമ്മം. ബാബ പറയുകയാണ് ഞാൻ ഈ ധർമ്മം സ്ഥാപന ചെയ്യുന്നു, ഇതിന് വേണ്ടി തീർച്ചയായും പവിത്രമായി മാറേണ്ടതുണ്ട്. പതിത പാവനൻ ഒരേയൊരു ബാബ തന്നെയാണ്. ബാക്കി എല്ലാവരും വധുക്കളാണ്,

ഭക്തകൾ. പതിത പാവന സീതാറാം എന്ന് പറയുന്നതും ശരിയാണ്. പക്ഷെ അതിനു ശേഷം ആരാണോ രഘുപതി രാഘവ രാജാ റാം എന്ന് പറയുന്നത് അത് തെറ്റാണ്. മനുഷ്യർ അർത്ഥമറിയാതെ എന്താണോ തോന്നുന്നത് അത് പറഞ്ഞു കൊണ്ടിരിക്കുന്നു, അർത്ഥമറിയാതെ എന്തെങ്കിലുമൊക്കെ ചിന്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം ചന്ദ്രവംശീ ധർമ്മവും ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ബാബ വന്ന് ബ്രാഹ്മണകുലത്തിന്റെ സ്ഥാപന ചെയ്യുന്നു, ഇതിനെ രാജവംശമെന്ന് പറയില്ല. ഇത് കുടുംബമാണ്, ഇവിടെ നിങ്ങൾ പാണ്ഡവരുടെയും കൗരവരുടെയും രാജ്യമില്ല. ആരാണോ ഗീത പഠിച്ചവർ, അവർക്ക് ഈ കാര്യങ്ങൾ പെട്ടെന്ന് ബുദ്ധിയിൽ വരും. ഇതും ഗീതയാണ്. ആരാണ് കേൾപ്പിക്കുന്നത്? ഭഗവാൻ. നിങ്ങൾ കുട്ടികൾക്ക് ആദ്യമാദ്യം ഈ അറിവ് നൽകണം ഗീതയുടെ ഭഗവാൻ ആരാണ്? അവർ പറയുന്നു കൃഷ്ണ ഭഗവാനുവാചയെന്ന്. കൃഷ്ണനുള്ളത് സത്യയുഗത്തിലാണ്. അതിലുള്ള ആത്മാവാണെങ്കിൽ അവിനാശിയാണല്ലോ. ശരീരത്തിന്റെ തന്നെയാണ് പേര് മാറുന്നത്. ആത്മാവിന്റെ പേര് ഒരിക്കലും മാറുന്നില്ല. ശ്രീകൃഷ്ണന്റെ ആത്മാവിന്റെ ശരീരം സത്യയുഗത്തിൽ തന്നെയാണുണ്ടാവുന്നത്. നമ്പർവണ്ണിൽ കൃഷ്ണൻ തന്നെയാണ് പോകുന്നത്. ലക്ഷ്മീ നാരായണൻ നമ്പർ വൺ, പിന്നീട് സെക്കന്റ്, തേർഡ്. അതിനാൽ അവരുടെ മാർക്കിലും ഇത്രയും കുറവുണ്ടാകും. ഈ മാല ഉണ്ടാക്കുകയാണല്ലോ. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് വിഷ്ണുവിന്റെ മാലയും ഉണ്ടാകുന്നു രുദ്ര മാലയും ഉണ്ടാകുന്നു. വിഷ്ണുവിന്റെ രുൺഡ് മാല കാണിക്കുന്നു. നിങ്ങൾ കുട്ടികൾ യഥാക്രമമായി വിഷ്ണുപുരിയിലെ അധികാരിയാവുന്നു. അതിനാൽ നിങ്ങൾ വിഷ്ണുവിന്റെ കഴുത്തിലെ മാലയായി മാറുന്നു. ആദ്യമാദ്യം ശിവന്റെ കഴുത്തിലെ മാലയാകുന്നു, അതിനെ രുദ്രമാലയെന്ന് പറയുന്നു, ഏതാണോ ജപിക്കുന്നത്. മാല പൂജിക്കപ്പെടുന്നില്ല, സ്മരിക്കുകയാണ്. മാലയുടെ മണിയാകുന്നത് അവരാണ് ആരാണോ വിഷ്ണുപുരിയിലെ രാജധാനിയിൽ നമ്പർവൈസായി വരുന്നത്. മാലയിൽ ആദ്യം ഉള്ളത് പൂവാണ് പിന്നീട് ജോടികളായ മുത്ത്. പ്രവൃത്തി മാർഗ്ഗമാണല്ലോ. പ്രവൃത്തി മാർഗ്ഗം ആരംഭിക്കുന്നത് ബ്രഹ്മാവ്, സരസ്വതി, പിന്നെ നിങ്ങൾ കുട്ടികളിലൂടെയാണ് . ഇവരാണ് പിന്നീട് ദേവതയാകുന്നത്. ലക്ഷ്മീ നാരായണനാണ് ആദ്യം. മുകളിൽ പുഷ്പമായ ശിവബാബ. മാല കറക്കി കറക്കി പുറകെ പുഷ്പത്തെ ശിരസ്സിൽ തൊട്ട് നമിക്കുന്നു. ആരാണോ പുനർജന്മത്തിൽ വരാത്തത്, ബ്രഹ്മാവിൽ പ്രവേശിക്കുന്നത് ആ ശിവബാബയാണ് പുഷ്പം. ശിവബാബ തന്നെയാണ് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നത്. ബ്രഹ്മാബാബയുടെ ആത്മാവാണെങ്കിൽ അവരുടെതാണ്. അദ്ദേഹം തന്റെ ശരീര നിർവാഹണാർത്ഥം ചെയ്യുന്നു, അദ്ദേഹത്തിന്റെ ജോലിയാണ് കേവലം ജ്ഞാനം നൽകുക. എങ്ങനെയാണോ ചിലരുടെ ഭാര്യ അഥവാ അച്ഛൻ മുതലായവർ മരിച്ചാൽ അവരുടെ ആത്മാവിനെ ബ്രാഹ്മണന്റെ ശരീരത്തിൽ വിളിക്കുന്നത്. മുമ്പ് വന്നിരുന്നു, അത് ഒരു ശരീരം ഉപേക്ഷിച്ച് വരുന്നില്ല. ഇത് ഡ്രാമയിൽ ആദ്യം തന്നെ അടങ്ങിയിട്ടുള്ളതാണ്. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ആ ആത്മാവാണെങ്കിൽ പോയി, പോയിട്ട് വേറൊരു ശരീരം എടുത്തു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഈ മുഴുവൻ ജ്ഞാനവും ലഭിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് ആരെങ്കിലും മരിച്ചാലും നിങ്ങൾക്ക് യാതൊരു ചിന്തയുമില്ല. അമ്മ മരിച്ചുവെങ്കിലും ഹൽവ കഴിക്കണം(ശാന്താ ബഹനെ പോലെ). പെൺകുട്ടി പോയി അവർക്ക് മനസ്സിലാക്കി കൊടുത്തു നിങ്ങൾ എന്തിനാണ് കരയുന്നത്? അവരാണെങ്കിൽ പോയി വേറെ ശരീരമെടുത്തു. കരയുന്നതു കൊണ്ട് ഒരിക്കലും തിരിച്ച് വരുകയില്ല. ധൈര്യശാലികൾ ഒരിക്കലും കരയില്ല. അപ്പോൾ അവിടെ എല്ലാവരും കരയുന്നത് അവസാനിപ്പിച്ച് മനസ്സിലാക്കി കൊടുക്കാൻ തുടങ്ങി. അങ്ങനെ അനേകം പെൺകുട്ടികൾ പോയി മനസ്സിലാക്കി കൊടുക്കുന്നുണ്ട്. ഇപ്പോൾ കരയുന്നത് അവസാനിപ്പിക്കൂ. അസത്യമായ ബ്രാഹ്മണരെയും കഴിപ്പിക്കരുത്. ഞങ്ങൾ സത്യമായ ബ്രാഹ്മണരെ കൊണ്ടു വരാം പിന്നീട് എല്ലാവരും ജ്ഞാനം കേൾക്കാൻ തുടങ്ങുന്നു. മനസ്സിലാക്കുന്നു ഈ കാര്യങ്ങൾ പറയുന്നത് ശരിയാണ്. ജ്ഞാനം കേട്ട് കേട്ട് ശാന്തരാകുന്നു. 7 ദിവസത്തേയ്ക്ക് ആരെങ്കിലും ഭാഗവതം മുതലായവ വെയ്ക്കുകയാണെങ്കിൽ പോലും മനുഷ്യരുടെ ദു:ഖം ഇല്ലാതാകുന്നില്ല. ഈ പെൺകുട്ടികളാണെങ്കിൽ എല്ലാവരുടെയും ദു:ഖം ദൂരീകരിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നു കരയേണ്ട ആവശ്യം തന്നെയില്ല. ഇതാണെങ്കിൽ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. ഓരോരുത്തർക്കും അവരവരുടെ പാർട്ടഭിനയിക്കണം. ഏത് സാഹചര്യത്തിലും കരയരുത്. പരിധിയില്ലാത്ത അച്ഛൻ-ടീച്ചർ-ഗുരുവിനെ ലഭിച്ചു, ഏതിന് വേണ്ടിയാണോ നിങ്ങൾ ഇത്രയും ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരുന്നത്. അനുഭവിയായ ബ്രഹ്മാവിൽ ഇരിക്കുന്ന പരംപിതാ പരമാത്മാവിനെ ലഭിച്ചു കഴിഞ്ഞു ബാക്കി എന്ത് വേണം. ബാബ നൽകുന്നത് തന്നെ സുഖത്തിന്റെ സമ്പത്താണ്. നിങ്ങൾ ബാബയെ മറന്നു പോയിരിക്കുകയാണ് അതിനാലാണ് കരയേണ്ടി വരുന്നത്. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സന്തോഷമുണ്ടാകും. ഓ! നമ്മളാണെങ്കിൽ വിശ്വത്തിന്റെ അധികാരിയാവുകയാണ്. പിന്നീട് 21 തലമുറ ഒരിക്കലും കരയുകയില്ല. 21 തലമുറ അർത്ഥം പൂർണ്ണമായും വൃദ്ധരാകുന്നത് വരെ അകാല മൃത്യു ഉണ്ടാകുന്നില്ല, അതിനാൽ ഉള്ളിൽ എത്ര ഗുപ്തമായ സന്തോഷമുണ്ടായിരിക്കണം. നിങ്ങൾക്കറിയാം നമ്മൾ മായയുടെ മേൽ വിജയം നേടി ജഗത് ജീത്തായി മാറും. ആയുധം മുതലായവയുടെ ഒരു കാര്യവുമില്ല. നിങ്ങൾ ശിവ ശക്തികളാണ്.

നിങ്ങളുടെയടുത്ത് ജ്ഞാനമാകുന്ന വാൾ, ജ്ഞാന ബാണവുമുണ്ട്. അവർ പിന്നീട് ഭക്തിമാർഗ്ഗത്തിൽ ദേവിമാർക്ക് സ്ഥൂലമായ ബാണവും വാളുമെല്ലാം നൽകിയിരിക്കുന്നു. ബാബ പറയുകയാണ് ജ്ഞാനമാകുന്ന വാളു കൊണ്ട് വികാരങ്ങളെ ജയിക്കണം, ബാക്കി ദേവിമാരൊന്നും ഒരു ഹിംസകരൊന്നുമല്ല. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. സാധു സന്യാസിമാരെല്ലാം നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്, അവർ പ്രവൃത്തി മാർഗ്ഗത്തെ അംഗീകരിക്കുന്നേയില്ല. നിങ്ങളാണെങ്കിൽ മുഴുവൻ പഴയ ലോകത്തെയും, പഴയ ശരീരത്തെയും സന്യാസം ചെയ്യുന്നു. ഇപ്പോൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ആത്മാവ് പവിത്രമാകും. ജ്ഞാനത്തിന്റെ സംസ്ക്കാരം കൊണ്ട് പോകും. അതിനനുസരിച്ച് പുതിയ ലോകത്തിൽ ജന്മമെടുക്കും. അഥവാ ഇവിടെത്തന്നെ ജന്മമെടുക്കുകയാണെങ്കിൽ ഏതെങ്കിലും നല്ല വീട്ടിൽ രാജാവിന്റെയടുത്ത് അഥവാ ധാർമ്മികതയുള്ള വീട്ടിൽ ആ സംസ്ക്കാരമെടുത്ത് പോകും. എല്ലാവരുടെയും സ്നേഹിയാകും. പറയും ഇത് ദേവിയാണ്. കൃഷ്ണന്റെ മഹിമ എത്രയാണ് പാടുന്നത്. കുട്ടിക്കാലത്ത് കാണിച്ചിരിക്കുന്നു വെണ്ണ കട്ടു, മൺകുടം പൊട്ടിച്ചു, ഇത് ചെയ്തു...... എത്ര കളങ്കം ചാർത്തിയിരിക്കുന്നു. ശരി, പിന്നീട് കൃഷ്ണനെ എന്തുകൊണ്ട് കറുപ്പാക്കി? അവിടെയാണെങ്കിൽ കൃഷ്ണൻ വെളുപ്പായിരിക്കുമല്ലോ. പിന്നീട് ശരീരം മാറികൊണ്ടിരിക്കുന്നു, പേരും മാറികൊണ്ടിരിക്കുന്നു. ശ്രീകൃഷ്ണനാണെങ്കിൽ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനായിരുന്നു, കൃഷ്ണനെ എന്തുകൊണ്ട് കറുത്ത നിറമാക്കി മാറ്റി? ആർക്കും ഒരിക്കലും പറയാൻ സാധിക്കില്ല. അവിടെ കറുത്തതാക്കി മാറ്റാൻ സർപ്പമൊന്നും ഉണ്ടാവില്ല. ഇവിടെ വിഷം കയറുമ്പോൾ കറുത്തതായി മാറുന്നു. അവിടെയാണെങ്കിൽ അങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാവാൻ സാധിക്കില്ല. നിങ്ങൾ ഇപ്പോൾ ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറുകയാണ്. ഈ ബ്രാഹ്മണ സമ്പ്രദായത്തെ ആർക്കും തന്നെയറിയുകയില്ല. ആദ്യമാദ്യം ബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ ദത്തെടുക്കുന്നു. പ്രജാപിതാവാണെങ്കിൽ അവരുടെ പ്രജയും അനേകാനേകം ഉണ്ട്. സരസ്വതിയെ ബ്രഹ്മാവിന്റെ പുത്രിയെന്ന് പറയുന്നു. ഭാര്യയൊന്നുമല്ല. ഇത് ആർക്കും അറിയുകയില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ തന്നെയാണ് മുഖവംശാവലി. ഭാര്യയുടെ കാര്യമേയില്ല. ഇദ്ദേഹത്തിൽ ബാബ പ്രവേശിച്ച് പറയുകയാണ് നിങ്ങൾ എന്റെ കുട്ടികളാണ്. ഞാൻ ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്ന് വെച്ചു, ഏതെല്ലാം കുട്ടികളുണ്ടായോ എല്ലാവരുടെയും പേര് മാറ്റിയിരിക്കുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ മായയുടെ മേൽ വിജയം നേടിയിരിക്കുകയാണ്, ഇതിനെ തന്നെയാണ് പറയുന്നത് – ജയത്തിന്റെയും പരാജയത്തിന്റെയും കളി. ബാബ എത്ര ചെറിയ വ്യാപാരമാണ് ചെയ്യിക്കുന്നത്. എന്നിട്ടും മായ തോൽപ്പിക്കുകയാണെങ്കിൽ ഓടിപോകുന്നു. 5 വികാരമാകുന്ന മായ തോൽപ്പിക്കുന്നു. ആരിലാണോ 5 വികാരമുള്ളത്, അവരെ തന്നെയാണ് ആസുരീയ സമ്പ്രദായമെന്ന് പറയുന്നത്. ക്ഷേത്രങ്ങളിൽ ദേവിമാരുടെ മുന്നിൽ പോയി മഹിമ പാടുന്നു – അങ്ങ് സർവ്വ ഗുണ സമ്പന്നയാണ്...... ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ് – നിങ്ങൾ തന്നെയായിരുന്നു പൂജ്യ ദേവതകൾ പിന്നീട് 63 ജന്മങ്ങൾ പൂജാരിയായി മാറി, ഇപ്പോൾ വീണ്ടും പൂജ്യരായി മാറുകയാണ്. ബാബ പൂജ്യരാക്കി മാറ്റുന്നു, രാവണൻ പൂജാരിയാക്കുന്നു. ഈ കാര്യങ്ങൾ ഒരു ശാസ്ത്രങ്ങളിലും ഇല്ല. ബാബ ഒരു ശാസ്ത്രവും പഠിച്ചിട്ടുമില്ല. ബാബയാണെങ്കിലോ ജ്ഞാനത്തിന്റെ സാഗരം തന്നെയാണ്. വേൾഡ് ഓൾമൈറ്റി അതോറിറ്റിയാണ്. ഓൾമൈറ്റി അർത്ഥം സർവ്വ ശക്തിമാൻ. ബാബ പറയുകയാണ് എല്ലാ വേദ–ശാസ്ത്രങ്ങളെയും അറിയുന്നവനാണ് ഞാൻ. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. ഞാൻ ഈ എല്ലാ കാര്യങ്ങളും അറിയുന്നു. ദ്വാപരം മുതൽക്കേ നിങ്ങൾ പൂജാരിയായി. സത്യ – ത്രേതാ യുഗത്തിലാണെങ്കിൽ പൂജ ഉണ്ടായിരിക്കില്ല. അത് പൂജ്യ കുലമാണ്. പിന്നീട് പൂജാരി കുലമുണ്ടാകുന്നു. ഈ സമയം എല്ലാവരും പൂജാരിയാണ്. ഈ കാര്യങ്ങൾ ആർക്കും അറിയുകയില്ല. ബാബ തന്നെയാണ് വന്ന് 84 ജന്മങ്ങളുടെ കഥ പറയുന്നത്. പൂജ്യ പൂജാരി ഈ എല്ലാ കളിയും നിങ്ങളുടെയാണ്. ഹിന്ദു ധർമ്മമെന്ന് പറയുന്നു. വാസ്തവത്തിൽ ഭാരതത്തിൽ ആദി സനാതന ദേവീ ദേവതാ ധർമ്മമായിരുന്നു, ഹിന്ദുവല്ല. എത്ര കാര്യങ്ങളാണ് മനസ്സിലാക്കി കൊടുക്കേണ്ടി വരുന്നത്. ഈ പഠിപ്പ് സെക്കന്റിന്റെതാണ്. എന്നിട്ടും എത്ര സമയം വേണ്ടി വരുന്നു. പറയുകയാണ് സാഗരത്തെ മഷിയാക്കൂ, മുഴുവൻ കാടിനെയും പേനയാക്കൂ എങ്കിൽ പോലും പൂർത്തിയാക്കാൻ സാധിക്കില്ല. അവസാനം വരെ നിങ്ങൾക്ക് ജ്ഞാനം കേൾപ്പിച്ചുകൊണ്ടിരിക്കും. നിങ്ങൾ ഇതിന്റെ പുസ്തകങ്ങൾ വളരെയധികം ഉണ്ടാക്കും. ആരംഭത്തിലും ബാബ അതിരാവിലെ എഴുന്നേറ്റ് എഴുതിയിരുന്നു, പിന്നീട് മമ്മ കേൾപ്പിച്ചിരുന്നു, അപ്പോൾ മുതൽ അച്ചടിച്ചു വരുകയാണ്. എത്ര പേപ്പറുകൾ കഴിഞ്ഞിട്ടുണ്ടാകും. ഗീതയാണെങ്കിൽ ഒന്ന് ഇത്രയും ചെറുതുണ്ട്. ഗീതയുടെ ലോക്കറ്റും ഉണ്ടാക്കുന്നു. ഗീതയുടെ പ്രഭാവം ഏറെയാണ്, പക്ഷെ ഗീതാ ജ്ഞാന ദാതാവിനെ മറന്നു പോയി. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം**

1. ജ്ഞാന വാളു കൊണ്ട് വികാരങ്ങളെ ജയിക്കണം. ജ്ഞാനത്തിന്റെ സംസ്ക്കാരം നിറയ്ക്കണം. പഴയ ലോകത്തെയും പഴയ സംസ്ക്കാരത്തെയും സന്യാസം ചെയ്യണം.

2. ഭാഗ്യവാനാകുന്നതിന്റെ സന്തോഷത്തിലിരിക്കണം, ഏതൊരു കാര്യത്തിന്റെയും ചിന്തയിലിരിക്കരുത്. ആരെങ്കിലും ശരീരം ഉപേക്ഷിച്ചാൽ പോലും ദുഖത്തിന്റെ കണ്ണുനീർ ഒഴുക്കരുത്.

## വരദാനം : നിയന്തണശക്തിയിലൂടെ ഒരു സെക്കൻഡിന്റെ പരീക്ഷയിൽ പാസാകുന്ന പാസ് വിത് ഓണറായി ഭവിക്കട്ടെ.

ഇപ്പോഴിപ്പോൾ ശരീരത്തിലേക്കു വരിക, ഇപ്പോഴിപ്പോൾ ശരീരത്തിൽ നിന്ന് വേറിട്ട് അവ്യക്തസ്ഥിതിയിൽ സ്ഥിതി ചെയ്യുക. എത്രത്തോളം ബഹളമോ അത്രയും സ്വയത്തിന്റെ സ്ഥിതി അതിശാന്തമാകണം. ഇതിനായി ഉള്ളിലൊതുക്കാനുള്ള ശക്തി വേണം. ഒരു സെക്കൻഡിൽ വിസ്താരത്തിൽ നിന്ന് സാരത്തിലേക്ക് പോകണം, ഒരു സെക്കൻഡിൽ സാരത്തിൽ നിന്ന് വിസ്താരത്തിലേക്കും പോരണം. ഇങ്ങനെയുള്ള നിയന്ത്രണശക്തിയുള്ളവർക്കാണ് വിശ്വത്തെ ഭരിക്കാൻ കഴിയുക. ഇതേ അഭ്യാസമാണ് അന്തിമത്തിലെ ഒരു സെക്കൻഡിന്റെ പരീക്ഷയിലും പാസ് വിത് ഓണറാക്കുക.

## സ്ലോഗൻ : വാനപ്രസ്ഥസ്ഥിതിയുടെ അനുഭവം ചെയ്യൂ, ചെയ്യിപ്പിക്കൂ എങ്കിൽ കുട്ടിക്കാലത്തിന്റെ കളി സമാപ്തമായിക്കോളും

**അവ്യക്തസൂചന: അശരീരി അഥവാ വിദേഹി സ്ഥിതിയുടെ അഭ്യാസം വർധിപ്പിക്കൂ**

വിദേഹിയാകുന്നതിൽ ഹേ അർജുനാ ആകൂ. അർജുനന്റെ വിശേഷതയാണ്- സദാ ബിന്ദുവിൽ സ്മൃതിസ്വരൂപമായി വിജയിയായി. ഇങ്ങനെ നഷ്ടോമോഹാ സ്മൃതിസ്വരൂപമാകുന്ന അർജുനൻ. സദാ ഗീതാജ്ഞാനം കേൾക്കുകയും മനനം നടത്തുകയും ചെയ്യുന്ന അർജുനൻ. ഇങ്ങനെയുള്ള വിദേഹി- ജീവിച്ചിരിക്കെ എല്ലാവരും മരിച്ചുകഴിഞ്ഞിരിക്കുന്നു, ഇത്തരം വൈരാഗ്യവൃത്തിയുള്ള അർജുനനാകൂ.